(രാവിലെ 9.25-ന് നിർത്തിവച്ച സഭ 10.45-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

# II. റൂളിംഗ്

## ചോദ്യോത്തരവേളയുടെ പ്രാധാന്യം

മി. സ്പീക്കർ: ഓർഡർ.........ഓർഡർ.........ഇന്ന് സഭയിൽ ഉണ്ടായ സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ലാത്തതാണ്. നിയമസഭാ നടപടികളിൽ ചോദ്യോത്തരവേളയുടെ പ്രാധാന്യം ഞാൻ എടുത്തു പറയേണ്ടതില്ലല്ലോ.
10.45 a.m.] ഈ സഭയിൽ ചോദ്യം ഉന്നയിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട മന്ത്രിമാരുടെ മറുപടിയും അതിനുശേഷമുള്ള ഉപചോദ്യങ്ങളും സാധാരണ നടപടിക്രമമാണ്. എന്നാൽ മറുപടി പറയാൻ അനുവദിക്കാതിരിക്കുന്നതും മറുപടി ഇന്ന രീതിയിലായിരിക്കണമെന്ന് ശാഠ്യം പിടിക്കുന്നതും ശരിയായ കീഴ്വഴക്കമല്ല. ചോദ്യോത്തരവേള സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ഭരണ-പ്രതിപക്ഷ കക്ഷികൾക്കുള്ള ഉത്തരവാദിത്വം ചെയർ ഒരിക്കൽക്കൂടി ബോദ്ധ്യപ്പെടുത്തുന്നു.

# III. ശ്രദ്ധ ക്ഷണിക്കൽ

## (1) പൊതുവിതരണ രംഗത്ത് ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എൻ. ശക്തൻ: സർ, സംസ്ഥാനത്തെ വ്യാപാര രംഗത്ത് കുത്തക വ്യാപാരികളുടെ കടന്നു കയറ്റംമൂലം ചെറുകിട വ്യാപാരികൾ നേരിടുന്ന രൂക്ഷമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കേരളത്തിൽ പത്തര ലക്ഷം വ്യാപാരികൾ വ്യാപാര രംഗത്തുണ്ട്. അതിൽ ഒന്നര ലക്ഷത്തിൽ താഴെ വ്യാപാരികൾ മാത്രമേ വൻകിട കച്ചവടക്കാരായുള്ളൂ. ഇവരുമായി ബന്ധപ്പെട്ട് ഏതാണ്ട് മുപ്പത് ലക്ഷത്തോളം ജീവനക്കാർ വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുകയാണ്. രണ്ടര ലക്ഷം ചുമട്ട് തൊഴിലാളികളും ഇതുമായി ബന്ധപ്പെട്ട് പണി എടുക്കുന്നുണ്ട്. ഏതാണ്ട് ഒന്നര ലക്ഷത്തിലധികം ലോറി ഉടമകളും അതിലെ ജീവനക്കാരും ഇവരെ ആശ്രയിച്ച് കഴിയുകയാണ്. ഇതെല്ലാം കൂടി ചേർത്താൽ ഏതാണ്ട് അൻപത് ലക്ഷത്തോളം ആളുകൾ വ്യാപാര രംഗവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ ഈ മേഖല ഇന്ന് ആകെ കുഴപ്പത്തിലേയ്ക്ക് വന്നിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. വിദ്യാഭ്യാസം കഴിഞ്ഞ് ദീർഘകാലം ഒരു ജോലിക്കുവേണ്ടി കാത്തിരുന്ന് ജോലി കിട്ടാതെ ആകുമ്പോഴാണ് വ്യാപാര രംഗത്തേയ്ക്ക് പലരും കടന്നു വരുന്നത്. സ്വന്തമായി പൈസ ഇല്ലാതെ വൻ തുക ഭീമമായ പലിശയ്ക്ക് കടമെടുത്ത് വ്യാപാരം നടത്തുന്നു. കുറേ കഴിയുമ്പോൾ പലപ്പോഴും പലിശ കൊടുത്ത് മുടിഞ്ഞ് കടം കയറി ധാരാളം ചെറുകിട വ്യാപാരികൾ ആത്മഹത്യ ചെയ്യുന്ന സംഭവം സംസ്ഥാനത്ത് ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യം നിലനിൽക്കുമ്പോൾത്തന്നെ സംസ്ഥാനത്ത് ഖജനാവിന് നികുതി ഇനത്തിൽ ഏറ്റവും കൂടുതൽ വരുമാനം നൽകുന്നത് കേരളത്തിലെ വ്യാപാരികളാണെന്നുള്ളത് നമ്മൾ പ്രത്യേകം ഓർമ്മിക്കണം.

LIBRARY ARCHIVES Kerala Legislative Assembly